"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കൊച്ചി നഗരസഭ സെക്രട്ടറി ശ്രീ.പി.എസ്.ഷിബു, അഡീഷണൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ച കാലയളവിലെ ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2871/2025/LSGD തീയതി,തിരുവനന്തപുരം, 24-11-2025

പരാമർശം:-
1. സ.ഉ(സാധാ)നം.2013/2024/LSGD തീയതി 22.10.2024
2. സ.ഉ(സാധാ)നം.2417/2024/LSGD തീയതി 10.12.2024
3. കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 08.04.2025 തീയതിയിലെ 2458886-2024നമ്പർ കത്ത്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.08.2025 തീയതിയിലെ LSGD/PD/15560/2025-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭ സെക്രട്ടറി ശ്രീ.പി.എസ്.ഷിബു, അഡീഷണൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ 22.10.2024 മുതൽ 22.11.2024 വരെയും, തുടർന്ന് 10.12.2024 മുതൽ 11.03.2025 വരെയും സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിന് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനായി നൽകിയ അപേക്ഷ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2) കൊച്ചി നഗരസഭ സെക്രട്ടറി ശ്രീ.പി.എസ്.ഷിബു, പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം 22.10.2024 മുതൽ 22.11.2024 വരെയും 10.12.2024 മുതൽ 11.03.2025 വരെയും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിട്ടുള്ളതാണ്. ശ്രീ.പി.എസ്.ഷിബു തന്റെ റഗുലർ തസ്തികയുടെ ചുമതലകൾക്കു പുറമേ അധിക ചുമതല വഹിച്ച തസ്തികയുടെ സാമ്പത്തികവും ഭരണപരവും നിയമപരവുമായ എല്ലാ ചുമതലകളും ടി കാലയളവിൽ തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ടെന്ന കാര്യക്ഷമതാ സാക്ഷ്യപത്രം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ എസ് ആർ ഭാഗം |, ചട്ടങ്ങൾ 53(b)(2)[as amended vide G.O(P)No.88/2017/Fin dated 11.07.2017], 53A II(c), 53(c) എന്നിവ പ്രകാരം ശ്രീ.പി.എസ്.ഷിബു -ന് അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 22.10.2024 മുതൽ 22.11.2024 വരെയും, 10.12.2024 മുതൽ പരമാവധി മൂന്നു മാസക്കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തിയും ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തിരുവനന്തപുരം / തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.പി.എസ്.ഷിബു, സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപൂരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 25-11-2025 14:40:21
സെക്ഷൻ ഓഫീസർ